## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.233** **26/09/2016-ൽ മറുപടിക്ക്**

### പാരമ്പര്യ ചികിത്സ

**ചോദ്യം**
ശ്രീ.കെ. ബാബു

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് യഥാർത്ഥ പാരമ്പര്യ ചികിത്സകരായ വൈദ്യൻമാരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | 1953-ലെ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് പ്രകാരം ഏപ്രിൽ 1-ാം തീയതിക്കുമുമ്പായി അഞ്ച് വർഷത്തിൽ കുറയാതെ ഭാരതീയ ചികിത്സാ സമ്പ്രദായത്തിൽ തുടർച്ചയായി പ്രാക്ടീസ് ചെയ്തിരുന്നുവെന്ന് കൗൺസിലിന് ബോധ്യപ്പെടുത്തുന്ന ഏതൊരാളും ഒരു വർഷത്തിനകമോ അല്ലെങ്കിൽ സർക്കാർ നീട്ടി നൽകുന്ന സമയത്തിനകത്തോ രജിസ്ട്രേഷന് അർഹതയുണ്ടെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതു പ്രകാരം ആയുർവേദത്തിൽ 6112 പേർ 16.10.1973 വരെയും, സിദ്ധയിൽ 1218 പേർ 21.12.1963 വരെയും, യൂനാനിയിൽ 51 പേർ 02.01.1961 വരെയും ബി ക്ലാസ്സിൽ രജിസ്ട്രേഷൻ ചെയ്തിട്ടുള്ളതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ നിലവിൽ പാരമ്പര്യക്കാർക്ക് രജിസ്ട്രേഷൻ നൽകുന്നില്ല. ടി നിയമത്തിലെ വകുപ്പ് 38 പ്രകാരം അംഗീകൃത യോഗ്യതയോ, രജിസ്ട്രേഷനോ ഇല്ലാതെ ചികിത്സ നടത്തുവാൻ പാടില്ലാത്തതാണ്. |
| (ബി) | പാരമ്പര്യ വൈദ്യൻമാർക്ക് ചികിത്സ നടത്തുന്നതിന് രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു; | (ബി) | |
| (സി) | പാരമ്പര്യ ചികിത്സയുടെ പേരിൽ വ്യാജന്മാർ ചികിത്സ നടത്തുന്നത് തടയണമെന്നാവശ്യപ്പെട്ട് പാരമ്പര്യ വൈദ്യസംഘം പരാതി നൽകിയിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മരുന്നു കമ്പനികളുടെ ഏജൻസികളും, അരിഷ്ടക്കടക്കാരും വൈദ്യൻമാരുടെ നിർദ്ദേശമില്ലാതെ മരുന്നു നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. എന്നാൽ ആയുർവേദ സിദ്ധ യൂനാനി ഔഷധങ്ങളുടെ വിൽപ്പനയ്ക്ക് കേന്ദ്ര സർക്കാർ സെയിൽ ലൈസൻസ് ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ സെയിൽ ഔട്ട്ലെറ്റുകളുടെ പ്രവർത്തനം പൂർണ്ണ നിയന്ത്രണത്തിലായിട്ടില്ല. ചികിത്സയില്ലാതെ (വൈദ്യന്മാരുടെ നിർദ്ദേശമില്ലാതെ) അരിഷ്ടാസവങ്ങൾ |

| | | | |
|---|---|---|---|
| | | | ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുകയും പരിശോധനയിൽ ബോധ്യപ്പെടുകയും ചെയ്ത 7 ഔഷധ നിർമ്മാണ ശാലകളുടെ അരിഷ്ടാസവങ്ങളുടെ നിർമ്മാണ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ